**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്പെഷ്യൽ റൂൾസ് രൂപികരിക്കാത്തതിനാൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നികത്താൻ സാധിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിനും അതിനായി സമയബന്ധിതമായി സ്പെഷ്യൽ റൂൾ രൂപീകരിക്കുവാനും എല്ലാ ഭരണവകുപ്പ സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും ഉദ്യോഗസ്ഥ- ഭരണപരിഷ്കാര വകുപ്പിൽ നിന്നും, പ്ലാനിംഗ് വകുപ്പിൽ നിന്നും വിവിധ സർക്കുലറുകളിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശം നൽകിയ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.<br><br>നിയമനം പി.എസ്.സി-ക്കു വിട്ടിട്ടും സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയാക്കാത്ത വിവിധ കമ്പനി/ ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾക്കായുള്ള നിരീക്ഷണ സംവിധാനമെന്ന നിലയിൽ 'ടാസ്ക് ഫോഴ്സ്" എന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്, പ്ലാനിംഗ് വകുപ്പ്, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ടാസ്ക് ഫോഴ്സ്, വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത കമ്പനി/ ബോർഡ്/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഭരണവകുപ്പുകളോട് വിശേഷാൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ 115 കമ്പനി/ ബോർഡ്/ കോർപ്പറേഷൻ, ക്ഷേമനിധി ബോർഡുകൾ, 22 സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 137 |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 84 സ്ഥാപനങ്ങളിൽ നിയമനചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവർത്തനക്ഷമമായിട്ടുള്ള 21 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി വിവിധ ഭരണ വകുപ്പുകളിൽ പുരോഗമിച്ചു വരുന്നു. അതോടൊപ്പം സ്പെഷ്യൽ റൂൾസ് രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ചീഫ് സെക്രട്ടറി വിവിധ വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗത്തിൽ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നമ്പർ 14079/ഉപ.സി1./2014/ഉഭപവ. *തീയതി, തിരുവനന്തപുരം, 2014 ജൂലൈ 14.*

## സർക്കുലർ

*വിഷയം:*—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് —നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ചട്ടങ്ങൾ രൂപീകരിക്കുന്നത്—സംബന്ധിച്ച്.

നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുള്ള പല സ്ഥാപനങ്ങളിലും ഇത് സംബന്ധിച്ച് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ നിയമനങ്ങൾ പി. എസ്. സി. ക്ക് ഏറ്റെടുക്കാൻ കഴിയാതെ വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി. എസ്. സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതും പ്രസ്തുത വിവരം ഈ വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**കെ. അജയകുമാർ,**
*സെക്രട്ടറി.*

GCPT. 3/3175/2014/TP.

[മറുപുറം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പു മേധാവികൾക്കും, നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും.

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ . (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്.

(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

# പരിപത്രം

നം.ഉപ.സി.1/222/17/ഉഭപവ

തിരുവനന്തപുരം, തീയതി 07.10.2017

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - നിയമനങ്ങൾ പി.എസ്.സിക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്നതിന് ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുന്നതും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും- സംബന്ധിച്ച്.

സൂചന:- 1) 19.09.2014 ലെ 17482/ഉപസി3/2014/ഉഭപവ നമ്പർ പരിപത്രം
2) 14.07.2014,14.06.2016 തീയതികളിലെ 14079/ഉപസി1/2014/ഉഭപവ നമ്പർ പരിപത്രങ്ങൾ.

നിയമനങ്ങൾ പി.എസ്.സിക്കു വിട്ടുകൊടുത്തിട്ടുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തുവാനും, ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകുവാനും സൂചന(1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) എത്രയും വേഗം രൂപീകരിക്കുവാനും, ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് ചട്ടങ്ങൾ (സ്പെഷ്യൽ റൂൾ) രൂപീകരിക്കുവാനായി സ്ഥാപനങ്ങൾ വളരെയധികം കാലതാമസം വരുത്തുന്നതായും, ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ടുചെയ്യുന്നില്ല എന്നും കാണിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ നിയമനം പി.എസ്. സി ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തിര നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം ഇതിനാൽ നൽകുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കു
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**No. PLGEA-BPE3/122/2016/PLGEA**

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്**

**തിരുവനന്തപുരം, തീയതി : 02.02.2019.**

## <u>പരിപത്രം</u>

വിഷയം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നത് - നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :
(1) 05.09.1986- ലെ 13770/ ബി.പി.ഇ./ 86/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(2) 28.02.1992- ലെ 14896/ ബി.പി.ഇ. 2/ 91/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(3) 17.05.2007- ലെ 15274/ ബി.പി.ഇ.2/ 06/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(4) 26.08.2009- ലെ 12027/ ബി.പി.ഇ.2/ 09/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(5) 08.08.2014- ലെ 10557/ ബി.പി.ഇ.1/ 14/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(6) 08.08.2018- ലെ ഉപസി1/ 208/ 17/ ഉഭപവ നമ്പർ സർക്കുലർ.
(7) 17.01.2019- ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ III(3) 50026/ 18/ കോ.വി. നമ്പർ കത്ത്.

1970- ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ടസ് സർട്ടേൻ കോർപ്പറേഷൻസ് ആൻറ് കമ്പനീസ്) ആക്ട് സെക്ഷൻ 3(2) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും അതാത് പൊതുമേഖലാ സ്ഥാപനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ഉപദേശം തേടേണ്ടതുണ്ട്. കൂടാതെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സിയെ കൺസൾട്ട് ചെയ്യുന്നതിന് പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിന്റെ പേര്, 1971- ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനി) റൂൾസിലെ ചട്ടം 2-ലെ ഉപചട്ടം (ഡി) യുടെ കീഴിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2 സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിയമനങ്ങളിലെ അഴിമതിയും, സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനും സംവരണ തത്വങ്ങൾ നടപ്പിലാക്കുന്നതിനും ഇത് അത്യാവശ്യമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ (വർക്കർ, സൂപ്പർവൈസറി മാനേജീരിയൽ തസ്തികകൾ ഒഴികെ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങൾ നിയമന ചട്ടങ്ങൾ രൂപീകരിക്കാതെയും, സ്റ്റാഫ് ഘടന ഉറപ്പിക്കാതെയും, സംവരണതത്വങ്ങൾ പാലിക്കാതെയും, അനധികൃത പിൻവാതിൽ നിയമനങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സൂചന 7-ലെ പി.എസ്.സി സെക്രട്ടറിയുടെ കത്ത് പ്രകാരം 97 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇനിയും നിയമന ചട്ടം രൂപീകരിക്കുകയോ നിയമനം പി.എസ്.സിക്ക് വിടുകയോ ചെയ്യാത്ത 34 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. കൂടാതെ നിയമനങ്ങൾ പി.എസ്.സിയുടെ പരിധിയിൽ വന്നിട്ടും അന്തിമ നിയമന ചട്ടം രൂപീകരിച്ചിട്ടില്ലാത്ത 11 പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്.

4. സർക്കാർ ഈ വീഴ്ച വളരെ ഗൗരവമായി കാണുന്നു. നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കുന്നതിനും, 'സ്റ്റാഫ് ഘടന ഫിക്സ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടു വരുന്നതിനു വേണ്ട അടിയന്തിര നടപടികൾ സൂചനയിലെ സർക്കുലറുകളിലെ നിബന്ധനകൾക്കു വിധേയമായി സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ അതാത് ഭരണവകുപ്പുകൾ അടിയന്തിര നടപടി സ്വീകരിക്കണമെന്നും താല്പര്യപ്പെടുന്നു.

5. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിനെ സമയബന്ധിതമായി അറിയിക്കേണ്ടതാണ്.

**ഡോ. എ. ജയതിലക്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് ആന്റ് റവന്യൂ ആഡിറ്റ് സെക്ടർ)(04-07-2016 ലെ D.O. No. Report (Comml)/53-8/AR2015-16/CA on Recruitment /485 പ്രകാരം - ആമുഖ കത്ത് സഹിതം.)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (17.01.2019-ലെ എ III (3)50026/2018/കോ.വി. നമ്പർ കത്ത് പ്രകാരം - ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.
ധനകാര്യ (PUC) വകുപ്പിന് (21.10.2016-ലെ E265353 PU-C3/133/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
വിവര പൊതുജന സമ്പർക്ക ഡയറക്ടർക്ക് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

No. PLGEA-BPE3/2/2017/PLGEA

ആസൂത്രണ സാമ്പത്തികകാര്യ
(ബി.പി.ഇ.) വകുപ്പ്
തിരുവനന്തപുരം, തീയതി : 10.07.2019.

## പരിപത്രം

വിഷയം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ താല്ക്കാലിക നിയമനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന : (1) 28.02.1992-ലെ 14896/ബി.പി.ഇ.2/91/പ്ലാനിംഗ് നമ്പർ സർക്കുലർ.
(2) 02-02-2019-ലെ PLGEA – BPE3/122/2016- PLGEA നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിയമനങ്ങളിലെ അഴിമതിയും, സ്വജന പക്ഷപാതവും അവസാനിപ്പിക്കുന്നതിനും സംവരണ തത്വങ്ങൾ നടപ്പിലാക്കുന്നതിനും ഇത് അത്യാവശ്യമാണ്.

2. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനചട്ട രൂപീകരണത്തിലുള്ള കാലതാമസവും മറ്റ് ചില സാങ്കേതിക തടസ്സങ്ങളും കാരണം നിയമനം പി.എസ്.സി. വഴിയല്ലാതെയും നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ അത്തരം ഒഴിവുകൾ സംവരണ തത്വം പാലിച്ചുകൊണ്ട് എംപ്ലോയിമെന്റ് എക്സ്ചെയിഞ്ച് [Compulsory Notification of Vacancies (CNV)] ആക്ട് 1959 പ്രകാരം സൂചന 1 - ലെ സർക്കുലർ പ്രകാരം എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചുകൾ വഴി നികത്തണമെന്നും നിഷ്കർഷിച്ചിരുന്നു. യോഗ്യരായവരുടെ അഭാവത്തിൽ എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പ്രസ്തുത ഒഴിവുകളുടെ നോട്ടിഫിക്കേഷൻ ന്യൂസ് പേപ്പറിൽ പ്രസിദ്ധീകരിക്കുകയും ടി തിരഞ്ഞെടുപ്പിനായി കമ്പനിയുടെ ഡയറക്ടർ ബോർഡ് രൂപീകരിച്ച 3 അംഗങ്ങളിൽ കുറയാത്ത ഒരു കമ്മിറ്റി (അതിൽ ഒരംഗമെങ്കിലും സർക്കാർ പ്രതിനിധി) ഉണ്ടാകേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തിരഞ്ഞെടുപ്പിലെ സാമുദായിക സംവരണം സർക്കാർ നിയമനങ്ങളിൽ നടത്തപ്പെടുന്നതുപോലെ Kerala Subordinate Service Rules Part-II പ്രകാരം തന്നെ ആയിരിക്കണമെന്നും പ്രസ്തുത സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

3. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ഒഴിവുകൾ എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാതെ സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് ദിവസ വേതനക്കാരെ നിയമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വീഴ്ച വളരെ ഗൗരവമായി കാണുന്നു. നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കുന്നതിനും പ്രസ്തുത നിയമനചട്ട രൂപീകരണത്തിന് മുമ്പും, കൂടാതെ മറ്റ് സാങ്കേതിക കാരണങ്ങളാലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയിമെന്റ് എക്സ്ചെയിഞ്ച് വഴി മാത്രം നികത്തേണ്ടതാണ്. പ്രസ്തുത എംപ്ലോയിമെന്റ് എക്സ്ചെയിഞ്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ മാത്രം ന്യൂസ് പേപ്പറിൽ പരസ്യം ചെയ്തശേഷം സെലക്ട് കമ്മിറ്റി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ഭരണവകുപ്പുകൾ ശ്രദ്ധിക്കേണ്ടതുമാണ്.

**ഡോ. എ. ജയതിലക്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
2. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.
3. സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം.)
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ( ആമുഖ കത്ത് സഹിതം)
5. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും.
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
7. വിവര പൊതുജന സമ്പർക്ക ഡയറക്ടർക്ക് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
8. കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

[signature]

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

പരിപത്രം

നം.ഉപ.സി.1/112/19/ഉഭപവ തിരുവനന്തപുരം, തീയതി 20.08.2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിയമനങ്ങൾ പി.എസ്.സിക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുന്നതും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും - സംബന്ധിച്ച്.

സൂചന:- 1) 19.09.2014 ലെ 17482/ഉപസി3/2014/ഉഭപവ നമ്പർ പരിപത്രം
2) 14.07.2014 ലെ 14079/ഉപസി1/2014/ഉഭപവ നമ്പർ പരിപത്രം.
3) 07.10.2017 ലെ ഉപസി1/222/2017/ഉഭപവ നമ്പർ പരിപത്രം.
4) 08.08.2018 ലെ ഉപസി1/208/2017/ഉഭപവ നമ്പർ പരിപത്രം.

നിയമനങ്ങൾ പി.എസ്.സി.ക്ക വിട്ടുകൊടുത്തിട്ടുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തുവാനും, ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകുവാനും സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) എത്രയും വേഗം രൂപീകരിക്കുവാനും, ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. എന്നാൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുവാനായി സ്ഥാപനങ്ങൾ വളരെയധികം കാലതാമസം വരുത്തുന്നതായും, ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ടുചെയ്യുന്നില്ല എന്നും കാണിച്ച് നിരവധി പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിയമനം പി.എസ്. സി ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കുവാനും സൂചന (3) പരിപത്രം പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ബഹു.കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന ചട്ടങ്ങൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിനായി അടിയന്തരമായി നിയമന ചട്ടങ്ങൾ രൂപീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്ക് സൂചന(4) പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിരുന്നു.

3. എന്നാൽ സർക്കാർ നിർദ്ദേശം നൽകിയിട്ടും നിയമനം പി.എസ്.സിക്ക് വിട്ട നിരവധി സ്ഥാപനങ്ങൾ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ പി.എസ്.സി മുഖേന നിയമനം നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിൽ ഉള്ളത് എന്ന് നിരീക്ഷിച്ച ബഹു.കേരള നിയമസഭയുടെ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി വിശേഷാൽ ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിച്ച് ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും അതിന്മേൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

4. പി.എസ്.സി മുഖേന പരമാവധി നിയമനം നടത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. നിരവധി തവണ സർക്കാർ നിർദ്ദേശം നൽകിയിട്ടും യഥാസമയം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്തതും പി.എസ്.സി വഴിയല്ലാതെ മറ്റ് തരത്തിൽ നിയമനങ്ങൾ നടത്തുന്നതും സർക്കാർ വളരെ ഗൗരവമായി കാണുന്നു.

5. മേൽ സാഹചര്യത്തിൽ, നിയമനം പി.എസ്.സിക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാനും ഒഴിവുകൾ യഥാസമയം പി.എസ്.സിയെ അറിയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദ്ദേശം നൽകുന്നു. അതുപോലെ തന്നെ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് സർക്കാർ വകുപ്പുകളിലെ ഏതെങ്കിലും തസ്തികകളിൽ വിശേഷാൽ ചട്ടം രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പ്മേധാവിയിൽ നിന്നും ലഭ്യമാക്കി ബന്ധപ്പെട്ട ഭരണവകുപ്പ് നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്.

6. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വകുപ്പ്മേധാവികൾ/സ്ഥാപനമേധാവികൾ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതും ആയത് ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ വകുപ്പ്/പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(വിപുലമായ പ്രചരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ